"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

മൃഗസംരക്ഷണ(ഇ) വകുപ്പ്
രണ്ടാം നില, അനക്സ് II, ഗവ.സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-1, ഫോൺ : 0471 -2518569

നമ്പർ: E3/238/2019-AH

06-12-2024

## അപ്പൻഡിക്സ് H4

## നോട്ടീസ്

മൃഗസംരക്ഷണ വകുപ്പിൽ പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് ഓഫീസിൽ ഇൻവെസ്റ്റിഗേഷൻ ഓഫീസറായിരുന്ന ഡോ. എസ്. സന്ധ്യ എന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ,

03.01.2004 -ലെ സ.ഉ(സാധാ) 10/2004/എഡി ഉത്തരവ് മുഖേന താങ്കൾക്ക് അനുവദിച്ച KSR part I, Appendix XIII C പ്രകാരമുള്ള 5 വർഷത്തെ ശൂന്യവേതനാവധിയ്ക്ക് ശേഷം താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ, അവധി നീട്ടി വാങ്ങുന്നതിലേക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാതെ കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം 3 ലംഘിച്ച താങ്കൾക്കെതിരെ, KSR part III, ചട്ടം 3(a) പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതും പ്രസ്തുത ചട്ടപ്രകാരം താങ്കളുടെ പെൻഷൻ പൂർണ്ണമായും പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിലേയ്ക്ക് 06.04.2024-ലെ ഇ3/238/2019-എഎച്ച് നമ്പർ കാരണം കാണിക്കൽ നോട്ടീസ് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന വകുപ്പിൽ ലഭ്യമായ താങ്കളുടെ സ്വദേശത്തെയും വിദേശത്തെയും മേൽ വിലാസത്തിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും ആയതിന് കൈപ്പറ്റ് പ്രതിയോ മറുപടിയോ നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാണ്. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കുള്ള കാരണം കാണിക്കൽ നോട്ടീസിന് താങ്കളുടെ ലിഖിതമായ വിശദീകരണം ലഭിക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. താങ്കൾക്കെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്ക് മുമ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ മൃഗസംരക്ഷണ (ഇ) വകുപ്പിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിൽ വന്ന് നേരിട്ട് കൈപ്പറ്റാവുന്നതോ അല്ലെങ്കിൽ താങ്കളുമായി കത്തിടപാട് നടത്താൻ കഴിയുന്ന നിങ്ങളുടെ കൃത്യമായ മേൽവിലാസം രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത മേൽ വിലാസത്തിലേക്കോ അയച്ചുതരുന്നതുമായിരിക്കും.

**Signed by K Shashidhar Srinivas**
**Date: 06-12-2024 11:35:03**
K S SRINIVAS

പ്രിൻസിപ്പൽ സെക്രട്ടറി